## സബ്മിഷൻ

### (1) ലോട്ടറി ടിക്കറ്റ് തുക

ശ്രീ. സി. മമ്മൂട്ടി: സർ, 2011 ജൂൺ മാസം നറുക്കെടുത്ത കേരളാ ലോട്ടറിയുടെ മൺസൂൺ ബമ്പർ സമ്മാനമായ രണ്ട് കോടി രൂപയും 100 പവൻ സ്വർണ്ണവും തിരൂരിലെ തയ്യൽ തൊഴിലായിയായ കാവുങ്കൽപ്പറമ്പ് സക്കീന എന്ന പാവപ്പെട്ട വീട്ടമ്മയ്ക്കാണ് ലഭിച്ചത്. കാനറാ ബാങ്കിലെ കൗണ്ടറിൽ ഈ ടിക്കറ്റ് ഹാജരാക്കിയപ്പോൾ ടിക്കറ്റിന് പുറത്ത് ഈ സ്ത്രീയെ ക്കൊണ്ട് ഒപ്പിടീക്കുകയും കൗണ്ടർ സ്റ്റാഫ് ഒപ്പിട്ടതിനുശേഷം ഫോട്ടോകോപ്പി തിരിച്ചുനൽകുകയും പണം നൽകാൻ ആറുമാസമെടുക്കുമെന്നുപറഞ്ഞ് ടിക്കറ്റ് വാങ്ങി വയ്ക്കുകയും ചെയ്തു. ആറുമാസം കഴിഞ്ഞ് ഇവർ ബാങ്കിലെത്തിയപ്പോൾ ടിക്കറ്റ് കാണാനില്ലെന്നും അന്നത്തെ മാനേജരും സ്റ്റാഫും സ്ഥലം മാറിപ്പോയി എന്നുംപറഞ്ഞ് ബാങ്ക് അധികൃതർ ഒഴിഞ്ഞുമാറുകയാണുണ്ടായത്. നിരുത്തരവാദപരമായ ഈ അവസ്ഥകണ്ട് വിഷമിച്ച ഈ സഹോദരി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പരാതി നൽകി. ഇത് സംബന്ധിച്ച് അന്വേഷണം നടത്താൻ മുഖ്യമന്ത്രി ഉത്തരവിട്ടു. ഇതിന്റെ അന്വേഷണം എവിടെയുമില്ലാതെ ഇഴഞ്ഞുപോകുകയാണ്. വിവരാവകാശ നിയമം അനുസരിച്ച് ലോട്ടറി ഡയറക്ടറേറ്റിൽ അന്വേഷിച്ചപ്പോൾ ശ്രീ. ശിവാജി, ഭഗീരഥ് വില്ല, സി.എച്ച്.എസ്. ലിമിറ്റഡ്, അമൃത് നഗർ, വെസ്റ്റ് മുംബൈ എന്നയാൾ ഭാഗ്യക്കുറി ഓഫീസിൽ ഈ ടിക്കറ്റ് സമർപ്പിച്ചുവെന്നും അന്യസംസ്ഥാനക്കാരനായതുകൊണ്ട് ഇതുവരെയും പണം നൽകിയിട്ടില്ലെന്ന

വിവരവും അറിയാൻ കഴിഞ്ഞു. ഇതിന്റെ പിന്നിൽ വലിയൊരു ദുരൂഹതയുണ്ട്. പാവപ്പെട്ട തയ്യൽത്തൊഴിലാളിയായ ഈ സ്ത്രീ കുറ്റിപ്പുറം ബസ് സ്റ്റാൻഡിലെ ഒരു വികലാംഗനിൽ നിന്നാണ് ഈ ടിക്കറ്റെടുത്തത്. ലോട്ടറി അടിച്ച ദിവസംതന്നെ ടിക്കറ്റ് ബാങ്കിൽപോയി കൊടുത്തു. കൗണ്ടർസൈൻ ചെയ്തശേഷം ബാങ്കിലെ ഉദ്യോഗസ്ഥൻ നൽകിയ ടിക്കറ്റിന്റെ കോപ്പി കയ്യിലുണ്ട്. ഈ ഫോട്ടോകോപ്പിയുമായി ചെന്നപ്പോഴാണ് ബാങ്കിൽ അന്നുണ്ടായിരുന്ന മാനേജരും കൗണ്ടർ സ്റ്റാഫും സ്ഥലംമാറിപ്പോയി യെന്ന് പറയുന്നത്. ബാങ്ക് ഉദ്യോഗസ്ഥരുടെ ഒപ്പുള്ള ടിക്കറ്റിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി ഇപ്പോഴും ഈ സഹോദരിയുടെ കയ്യിലുണ്ട്. ഈ ദുരൂഹതയെക്കു റിച്ച് എത്രയുംവേഗം അന്വേഷണം നടത്തി സമ്മാനത്തുക അതിന്റെ യഥാർത്ഥ ഉടമയായ ഈ സ്ത്രീക്ക് നൽകുന്നതിനാവശ്യമായ നടപടി സ്വീക രിക്കണമെന്നും ഈ വിഷയം ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് അന്വേഷിപ്പി ക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്നും ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇതൊരു കുഴഞ്ഞ കേസാണ്. ഈ സ്ത്രീ എടുത്ത ടിക്കറ്റിന് ബമ്പർ സമ്മാനമടിച്ചുവെന്ന വ്യക്തമായ വിശ്വാ സത്തോടുകൂടി ബാങ്കിൽ കൊടുത്തു. ബാങ്കിൽ നിന്ന് കൊടുത്ത ടിക്കറ്റിന്റെ ഫോട്ടോസ്റ്റാറ്റ് ഇവരുടെ കയ്യിലുണ്ട്. ഇതുസംബന്ധിച്ച പരാതി അവർ എനിക്ക് നേരിട്ട് തന്നിരുന്നു. തിരൂർ ഡി.വൈ.എസ്.പി.-യുടെ കീഴിൽ അന്വേഷണം നടത്തിവരികയാണ്. പരാതിക്കാരി ഹാജരാക്കിയ ടിക്കറ്റിന്റെ ഫോട്ടോകോപ്പി യുടെ പുറകിൽ പതിച്ചിട്ടുള്ളത് മഞ്ചേരിയിലെ ആർ.കെ. ദാസ് എന്ന ഏജൻസിയുടെ സീലാണ്. എന്നാൽ അത്തരത്തിലൊരു ടിക്കറ്റ് പ്രസ്തുത

ഏജൻസിയിൽ നിന്ന് വിറ്റിട്ടില്ലെന്നാണ് പോലീസ് അന്വേഷണത്തിൽനിന്നും അറിയാൻ കഴിഞ്ഞത്. സാധാരണ ഗതിയിൽ സമ്മാനം ലഭിച്ച ടിക്കറ്റ് ബാങ്കിൽ ഏൽപ്പിച്ചാൽ പേ-ഇൻ സ്ലിപ്പിലെഴുതി അക്കൗണ്ട് നമ്പറും ചേർത്ത് ഔട്ട് സ്റ്റേഷൻ ചെക്ക് രജിസ്റ്ററിൽ ചേർത്ത് ഒപ്പും സീലും വച്ച കൗണ്ടർ ഫോയിൽ ടിക്കറ്റ് ഏൽപ്പിച്ചയാളിന് നൽകാറാണ് പതിവ്. എന്നാൽ ബാങ്ക് രേഖകൾ പരിശോധിച്ചതിൽ ശ്രീമതി സക്കീന ലോട്ടറി ടിക്കറ്റ് ബാങ്കിൽ ഏൽപ്പിച്ചതായി തെളിവ് ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച അന്വേഷണം തുടരുകയാണ്. മുംബൈയിലുള്ള ശ്രീ. ശിവാജി എന്നയാൾ രജിസ്റ്റേർഡ് മാർഗ്ഗം ഈ ടിക്കറ്റ് വച്ച് ക്ലെയിം ചെയ്തിരിക്കുകയാണ്. ഇക്കാര്യത്തിൽ പൂർണ്ണമായും സംശയം മാറിയിട്ടില്ല. എതായാലും വളരെ സുതാര്യമായ രീതിയിൽ ഇതുസംബന്ധിച്ചുള്ള അന്വേഷണം നടത്തി സത്യം കണ്ടെത്താൻ പരമാവധി ശ്രമിക്കും. ഇതിലെ അപേക്ഷക അർഹിക്കുന്നതാണെങ്കിൽ നിശ്ചയമായും അവർക്ക് നീതി ലഭിക്കുന്ന സാഹചര്യമുണ്ടാക്കുകയും ചെയ്യും.

ശ്രീ. സി. മമ്മൂട്ടി: സർ, ......(മൈക്ക് ഓഫ്)...... ഇതിൽ വളരെയധികം ദുരൂഹതയുണ്ട്. അതിനാൽ ഈ കേസ് അന്വേഷിക്കുന്നതിനുവേണ്ടി പ്രത്യേക ടീമിനെ ഏർപ്പെടുത്തണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം ഗവൺമെന്റ് അംഗീകരിക്കുകയാണ്. ഇത് വളരെ ദുരൂഹതയുള്ള കേസായി മാറിയിരിക്കുകയാണ്. ഈ സാധുസ്ത്രീ പൂർണ്ണമായും അവകാശപ്പെടുന്നു. അതേസമയത്ത് അവർ ഹാജരാക്കിയ തെളിവുകൾ പറഞ്ഞ കാര്യങ്ങൾ സ്ഥാപിക്കാൻ പോന്നവയുമല്ല. ഈ സ്ത്രീ പറയുന്നതാണ് ശരിയെങ്കിൽ അതിനിടയ്ക്ക് നിന്നിട്ടുള്ളവർ ഈ ടിക്കറ്റിലും അവർ കൊടുത്ത രേഖകളിലുമെല്ലാം മാറ്റങ്ങൾ വരുത്തിയിരിക്കുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്.

ഏതായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രീതിയിൽ ഒരു പ്രത്യേക ടീമിനെ വച്ച് ഇത് അന്വേഷിപ്പിക്കുന്നതാണ്.

## (2) ഭൂസമരം

ശ്രീ. കെ. രാജു: സർ, ചെങ്ങറ ഭൂസമരം പോലെ വളരെ പ്രാധാന്യ മർഹിച്ച സംസ്ഥാനത്തെതന്നെ വളരെ പ്രധാനപ്പെട്ട വിഷയമായി മാറിയിരി ക്കുകയാണ് കൊല്ലം ജില്ലയിലെ പുനലൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട തിങ്കളേരിക്യം വില്ലേജിലെ 56 ഏക്കർ വരുന്ന റവന്യൂ ഭൂമിയിലെ അരിപ്പ ഭൂസ മരമെന്നറിയപ്പെടുന്ന ഭൂസമരം. ഏകദേശം ആയിരത്തിലധികം കുടിലു കൾകെട്ടി ഈ 56 ഏക്കർ റവന്യൂ ഭൂമിയിൽ സമരം ആരംഭിച്ചിട്ട് ഇപ്പോൾ ഏതാണ്ട് നാലുമാസം പിന്നിടുകയാണ്. ഭൂരഹിതരായ ആദിവാസികൾ ഭൂമി ലഭിക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത സ്ഥലത്ത് കുടിൽകെട്ടി സമരത്തി ലേർപ്പെട്ടിരിക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. ഭൂരഹിതരായ ആദിവാസി കൾ ഭൂമിക്കുവേണ്ടി സമരം ചെയ്യുന്നത് തികച്ചും ന്യായമായ കാര്യമാണ്. ആദിവാസികളുടെ ഈ ഭൂസമരത്തെ അനുഭാവപൂർവ്വം കണ്ടുകൊണ്ട് അവർ ഉന്നയിക്കുന്ന ഭൂമിപ്രശ്നത്തിന് പരിഹാരം കാണാൻ സർക്കാർ ആത്മാർത്ഥ മായി ശ്രമിക്കണം. ഇവർ പ്രസ്തുത 56 ഏക്കർ ഭൂമിക്കുവേണ്ടി മാത്രമല്ല സമരം ചെയ്യുന്നത്. ഞാൻ അവരിലെ ചില നേതാക്കന്മാരുമായി സംസാരി ച്ചപ്പോൾ പറഞ്ഞത് കേരളത്തിലെ മുഴുവൻ ആദിവാസികളുടെയും ഭൂപ്രശ്നം പരിഹരിക്കണം, അതാണ് ഞങ്ങളുടെ ഡിമാന്റ്. ആവശ്യമെങ്കിൽ ഈ 56 ഏക്കറിൽ നിന്ന് ഒഴിഞ്ഞുപോകാൻ ഞങ്ങൾ തയ്യാറാണ്. അങ്ങനെ പറയാൻ കാരണം ഈ 56 ഏക്കർ ഭൂമി ആദിവാസികൾക്ക് കൊടുക്കുന്നതിന് കൊല്ലം ജില്ലാ കളക്ടർ നടപടി സ്വീകരിച്ചുവരികയാണ്. ആർക്കും ഇഷ്യൂ

ചെയ്തിട്ടില്ലെങ്കിലും ആളുകൾക്ക് കൊടുക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുകയാണ്. അപ്പോൾ അവർക്കുവേണ്ടി ഒഴിഞ്ഞുകൊടുക്കാൻ തയ്യാറാണ്. പക്ഷെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ ഗവൺമെന്റോ അവരുടെ ഒരു യോഗം വിളിച്ചുചേർത്ത് അവരുടെ പ്രശ്നങ്ങൾ കേട്ട് കേരളത്തിലൊട്ടാകെയുള്ള ഭൂപ്രശ്നത്തിന് പരിഹാരം കാണണമെന്നുള്ളതാണ് അവർ ഉന്നയിച്ചിട്ടുള്ള ഡിമാന്റ്. ഈ 56 ഏക്കറിൽ ആയിരത്തിലധികം വരുന്ന കുടുംബങ്ങളാണ് താമസിക്കുന്നത്. ഇന്നിപ്പോൾ വലിയൊരു ക്രമസമാധാന പ്രശ്നം തന്നെ അവിടെ ഉയർന്നുവന്നിരിക്കുകയാണ്. കൂടാതെ, കടുത്ത വരൾച്ചയും മഴയും എല്ലാംകൂടി വന്ന ഈ സാഹചര്യത്തിൽ, പകർച്ച വ്യാധിയും മറ്റും ഉണ്ടാകാനുള്ള എല്ലാ സാധ്യതയും നിലനിൽക്കുന്ന ഈ അവസരത്തിൽ അവരുടെ സമരം അവസാനിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. ന്യായമായും അവർക്ക് ലഭിക്കാനുള്ള ഭൂമിയാണെങ്കിൽ അത് കൊടുക്കണം. അതോടൊപ്പംതന്നെ, ഈ ഭൂമിയോട് ചേർന്നാണ് അരിപ്പയിലെ എം.ആർ.എസ്. സ്കൂൾ. ആ സ്കൂളിന് ഗ്രൗണ്ടിനുവേണ്ടി കുറച്ച് സ്ഥലം റിസർവ്വ് ചെയ്യുകയും വേണം. അത് കഴിഞ്ഞിട്ടുള്ളത് ആദിവാസികൾക്ക് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പത്തനാപുരം താലൂക്കിലെ അരിപ്പ എന്ന സ്ഥലത്ത് 54 ഏക്കർ വരുന്ന സ്ഥലം ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി നീക്കിവച്ചിട്ടുള്ള റവന്യൂ ഭൂമിയാണ്. അവിടെയാണ് ഇപ്പോൾ ആദിവാസി ദളിത് മുന്നേറ്റ സമിതി കയ്യേറി കുടിൽകെട്ടി

സമരം ചെയ്യുന്നത്. ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് ശക്തമായി നിലനിൽക്കുകയാണ്, അതിനുവേണ്ടി പ്രവർത്തിക്കുകയാണ്. പക്ഷെ ബലം പ്രയോഗിച്ച് കയ്യേറുന്നവർന്ന് ഭൂമി കൊടുക്കുന്നതിനോട് ഗവൺമെന്റിന് യോജിപ്പില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. പക്ഷെ വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ ഭൂമി കൊടുക്കുന്നതിന്....... അവിടെ മാത്രമല്ല, കേരളത്തിലെ ആദിവാസി കുടുംബങ്ങൾക്കെല്ലാം ഭൂമി കൊടുക്കുന്നതിനുള്ള ഒരു കമ്മിറ്റ്മെന്റ് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾത്തന്നെ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ളതാണ്. ആ വാഗ്ദാനം നടപ്പിലാക്കും. ഭൂമിയുടെ ലഭ്യതക്കുറവ് ഒരു വലിയ പ്രശ്നമാണ്. എന്നാൽപ്പോലും അത് പരിഹരിച്ച് പ്രസ്തുത ആവശ്യം നടപ്പിലാക്കിക്കൊടുക്കണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അരിപ്പയിലെ സമരക്കാരുമായി ചർച്ച ചെയ്ത് ഒരു തീരുമാനമുണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

## (3) കർഷകർക്ക് ധനസഹായം

ശ്രീ. ഇ ചന്ദ്രശേഖരൻ: സർ, 26.4.2013-ന് കാസർഗോഡ് ജില്ലയിൽ പൊതുവേയും കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പ്രത്യേകിച്ചും ശക്തമായ ചുഴലിക്കാറ്റിലും മഴയിലും ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് സഭയുടെ മുൻപിൽ കൊണ്ടു വരുന്നതിനാണ് ഈ സബ്മിഷൻ. അങ്ങു തന്നെ തൊട്ടടുത്ത ദിവസം കാഞ്ഞങ്ങാട് വരികയും നാം ഒരുമിച്ച് ആ പ്രദേശങ്ങൾ കാണുകയും ചെയ്ത കാര്യം അങ്ങ് ഓർക്കുന്നുണ്ടാകും. തികച്ചും ഹൃദയഭേദകമായ കാഴ്ചയാണല്ലോ നാം കണ്ടത്. പാവപ്പെട്ട

ഗ്രാമീണ കർഷകരുടെയും കർഷക തൊഴിലാളികളുടെയും കർഷകരുടെയും ഇടത്തരക്കാരുടെയും എല്ലാ വസ്തുവകകളും തകർത്തെറിഞ്ഞ ഒരു പ്രത്യേക ചുഴലിറ്റിക്കാറ്റിന്റെ സംഹാര താണ്ഡവം തന്നെയാണ് നമുക്കവിടെ കാണാൻ കഴിഞ്ഞത്. 17 വീടുകൾ പൂർണ്ണമായും 239 വീടുകൾ ഭാഗികമായും തകർത്തെറിഞ്ഞ കാഴ്ചയാണ് അവിടെയുണ്ടായത്. ജില്ലയിലെ ആകെ 18 വില്ലേജുകളിൽ ഉണ്ടായ നാശനഷ്ടം കണക്കാക്കിയതിൽ 13 വില്ലേജുകളും എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട കാഞ്ഞങ്ങാട്ടാണ്. ആയിരക്കണക്കിന് കായ്ക്കുന്ന തെങ്ങുകളും കവുങ്ങുകളും കായ്ക്കാത്ത തെങ്ങിൻതൈകളും കവുങ്ങിൻ തൈകളും ആയിരക്കണക്കിന് ടാപ്പ് ചെയ്യുന്നതും അല്ലാത്തതുമായ റബ്ബർ മരങ്ങളും ഈ കൊടുങ്കാറ്റിൽ തകർന്ന രംഗം നമ്മൾ കണ്ടതാണ്. ഒരു ലക്ഷത്തിൽപ്പരം കുലച്ചതും അല്ലാത്തതുമായ നേന്ത്ര വാഴകൾ, മടിക്കൈ പഞ്ചായത്തിൽ മാത്രം അമ്പതിനായിരത്തിൽപ്പരം നേന്ത്രവാഴകളാണ് നഷ്ടപ്പെട്ടതെന്നുള്ള വിവരം നാം നേരിട്ട് കണ്ടതാണ്. കുരുമുളക് വള്ളികളും നശിച്ചു പോയതിൽപ്പെടും. ഇത് സർക്കാരിന്റെ കൃഷി വകുപ്പ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കാര്യമാണ്. കാസർഗോഡിന്റെ ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം കാറ്റിലുണ്ടായ ഈ നാശനഷ്ടം നികത്തുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. അങ്ങ് നാശനഷ്ടങ്ങൾ നേരിട്ട് ചെന്നുകണ്ട ദിവസം തന്നെ നടത്തിയ പത്ര സമ്മേളനത്തിൽ ഇക്കാര്യങ്ങളൊക്കെ ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നതാണ്. ഇതൊരു മഹാദുരന്തമായിരുന്നുവെന്ന് അങ്ങ് നേരിട്ട് കണ്ടതാണല്ലോ. ചാലയിൽ ഒരു മഹാദുരന്തമുണ്ടയപ്പോൾ സർക്കാർ സ്വീകരിച്ചതുപോലൊരു നടപടി ഈ

ദുരന്തത്തിന്റെ കാര്യത്തിലും സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ഇ. ചന്ദ്രശേഖരൻ സൂചിപ്പിച്ച പ്രശ്നം വളരെ ഗുരുതരമായിരുന്നെന്നു മാത്രമല്ല അവിടത്തെ കർഷകരെ സംബന്ധിച്ചിടത്തോളം ഏറ്റവും ഭയാനകവുമായിരുന്നു. കാസർഗോഡ് ജില്ലയിൽ 26.4.13 ന് വീശിയടിച്ച ചുഴലി കൊടുങ്കാറ്റ് 17 പഞ്ചായത്തുകളിലും നീലേശ്വരം, കാഞ്ഞങ്ങാട് എന്നീ രണ്ട് മുനിസിപ്പാലിറ്റികളിലും വ്യാപകമായ തോതിൽ കൃഷി നാശമുണ്ടാക്കി. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ആ സ്ഥലം സന്ദർശിച്ചു. ജില്ലാ കളക്ടർ, തഹസീൽദാർമാർ, കൃഷി ഉദ്യോഗസ്ഥർ അവരൊക്കെ തന്നെ വളരെ ഗൗരവത്തോടെ നാശം ഉണ്ടായ മുഴുവൻ പഞ്ചായത്തുകളും സന്ദർശിച്ച് കണക്കുകളെടുത്ത് നൽകിയിരുന്നു. ഏറ്റവുമധികം കൃഷി നാശമുണ്ടായത് മടിക്കൈ ഗ്രാമപഞ്ചായത്തിലാണ്. പഞ്ചായത്ത് തിരിച്ചുള്ള വിളകളുടെ നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ ഇതോടൊപ്പം മേശപ്പുറത്ത് വയ്ക്കുന്നു. തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക്, റബ്ബർ എന്നീ നാണ്യ വിളകൾക്ക് സംഭവിച്ച കൃഷി നാശത്തിന്റെ തോത് കണക്കാക്കി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ചാലാ ദുരന്തത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ നഷ്ടപരിഹാരത്തിന്റെ മാതൃകയിൽ അതേ രീതിയിൽ തന്നെ കൃഷിനാശം സംഭവിച്ച 3253 കർഷകർക്ക് ധനസഹായം നൽകുന്നതിനായി 11,39,54,000 രൂപ നഷ്ടപരിഹാര ക്ലെയിം

തയ്യാറാക്കിയിട്ടുണ്ട് ഇതനുസരിച്ചുള്ള തുക ഉടൻ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

## (4) കണ്ണൂർ ജില്ലയിൽ ഡി.ഇ.ഓഫീസ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, കേരളത്തിലെ ഏറ്റവും വലിയ വിദ്യഭ്യാസ ജില്ലയാണ് കണ്ണൂർ. ഇവിടെ ഏകദേശം 15 എ. ഇ. ഓഫീസുകളുണ്ട്. കണ്ണൂർ ജില്ലയിലാകെ രണ്ട് ഡി. ഇ. ഓഫീസ് മാത്രമേയുള്ളൂ. തിരുവനന്തപുരത്തും, തൃശ്ശൂരും, എറണാകുളത്തും നാലു വീതം ഡി. ഇ. ഓഫീസുണ്ട്. കണ്ണൂർ ഡി. ഇ. ഓഫീസിലേക്ക് കോഴിച്ചാൽ എന്ന അതിർത്തിയിൽ നിന്ന് എത്തണമെങ്കിൽ 80 കിലോമീറ്റർ ദൂരമുണ്ട്. അതുകൊണ്ട് കണ്ണൂരിൽ തളിപ്പറമ്പ് കേന്ദ്രമാക്കി ഒരു ഡി. ഇ. ഓഫീസ് അനുവദിക്കണമെന്ന ആവശ്യം വളരെക്കാലമായി ഗവൺമെന്റിന്റെ മുന്നിലുണ്ട്. ഇത് വളരെ ന്യായമായ ആവശ്യമാണ്. കണ്ണൂരിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് രണ്ട് ഡി. ഇ. ഓഫീസ് എന്നതുമാറ്റി മൂന്നാമത് തളിപ്പറമ്പ് കേന്ദ്രമാക്കി ആരംഭിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്. താലൂക്കിന്റെ കാര്യം നോക്കിയാൽ തിരുവനന്തപുരത്ത് 6 എണ്ണം ഉണ്ട്. കണ്ണൂരിൽ ഒന്നു കൂടി അനുവദിച്ചു. ഈ വിധത്തിൽ മലബാറിനോട് ഇത്തരം കാര്യങ്ങളിൽ അവഗണയുണ്ട് എന്ന കാര്യം ഇപ്പോൾ മാധ്യമങ്ങളിൽ കൂടി ശക്തമായി വരുന്ന പശ്ചാത്തലത്തിൽ കണ്ണൂരിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി രണ്ടിൽ നിന്ന് മൂന്നാക്കി തളിപ്പറമ്പിൽ ഒരു പുതിയ കേന്ദ്രം ആരംഭിക്കണം. ഇത് വലിയ സാമ്പത്തികബാ

ദ്ധ്യതയില്ലാതെ നടത്താൻ പറ്റുമെന്നാണ് വിദ്യാഭ്യാസ അധികൃതരും പറയുന്നത്. ഇത് വളരെ ന്യായമായ ആവശ്യമാണ് പരിഗണിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭരണ സൗകര്യത്തിനും പൊതുജനങ്ങൾക്കും അദ്ധ്യാപക അനദ്ധ്യാപക ജീവന ക്കാർക്കും സമയബന്ധിതവും മെച്ചപ്പെട്ടതും കൃത്യതയുള്ളതുമായ സേവനം ലഭ്യമാക്കുന്നതിനും കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് ആസ്ഥാനമാക്കി ഒരു വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്. പുതിയ വിദ്യാഭ്യാസ ജില്ല ആരംഭിക്കാൻ നിലവിലുള്ള മാന ദണ്ഡം അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടേയും എണ്ണം ഉൾക്കൊള്ളുന്ന താലൂക്കുകൾ, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, ഉപജില്ലകൾ എന്നിവ യുടെ എണ്ണം ഓരോ ഓഫീസിൽ നിന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എത്തിച്ചേരുന്നതിനുള്ള ദൂരം തുടങ്ങിയവയാണ്. തദടിസ്ഥാനത്തിലാണ് കണ്ണൂർ ജില്ലയിൽ നിലവിൽ കണ്ണൂരും തലശ്ശേരിയും അടിസ്ഥാനമാക്കി രണ്ട് വിദ്യാഭ്യാസ ജില്ലാ ഓഫീസുകൾ പ്രവർത്തിക്കുന്നത്. ആയതിനാൽ കണ്ണൂർ വിദ്യാഭ്യാസ ജില്ലയ്ക്ക് കീഴിൽ 8 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളും 730 സ്കൂളുകളും തലശ്ശേരി വിദ്യാഭ്യാസ ജില്ലയ്ക്ക് കീഴിൽ 7 ഉപജില്ലാ വിദ്യാ ഭ്യാസ ഓഫീസുകളും 571 സ്കൂളുകളുമുണ്ട്. ഭൂമിശാസ്ത്രപരമായി വളരെ വിസ്തൃതമായ കണ്ണൂർ ജില്ലയിൽ നിലവിലുള്ള ജില്ലാ വിദ്യാഭ്യാസ ഓഫീസു മായി ബന്ധപ്പെടുന്നതിന് 100 കി.മീറ്റർ അകലെ സ്ഥിതിചെയ്യുന്ന വിദ്യാലയ ങ്ങളിലെ ജീവനക്കാർക്കും ജനങ്ങൾക്കും ബുദ്ധിമുട്ടനുഭവപ്പെടുന്നതായി

ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തളിപ്പറമ്പ് ആസ്ഥാനമായി ഒരു വിദ്യാഭ്യാസ ജില്ലാ ഓഫീസ് കൂടി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

## (5) ദേവികുളം നിയോജക മണ്ഡലത്തിലെ പട്ടയ പ്രശ്നങ്ങൾ

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ദേവികുളം താലൂക്കിൽ 1980 മുതൽ കൊടുത്തിട്ടുള്ള പട്ടയങ്ങൾ...... ഭൂമിയുണ്ട്, കൃഷിയുണ്ട് പട്ടയമുണ്ട് എങ്കിൽപ്പോലും കരമടയ്ക്കുക പോലുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നു. മാങ്കുളം, ആനവിരട്ടി, പള്ളിവാസൽ, കെ.ഡി.എച്ച്, ചിന്നക്കനാൽ തുടങ്ങിയ വില്ലേജുകളിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഇക്കാലം വരെ നിലനിൽക്കുക യാണ്. രണ്ടു വർഷക്കാലമായി പട്ടയ നടപടികളുമായി മുന്നോട്ടു പോയ സാഹചര്യം ഉണ്ടായിട്ടില്ല. ഇത്തരത്തിലുള്ളത് മാത്രമല്ല, ഗവൺമെന്റ് ഭൂമിയി ല്ലാത്തവർക്ക് വീട് വയ്ക്കാൻ നൽകിയിട്ടുള്ള അഞ്ചു സെന്റ് ഭൂമിയിൽ കുറ്റി യാർ വാലി ഉൾപ്പെടെയുള്ള ഭൂമികൾ അളന്ന് തിട്ടപ്പെടുത്തിയതുപോലും ഇതുവരെ വിനിയോഗം ചെയ്യാൻ സാധിക്കാത്ത സാഹചര്യമുണ്ട്. ഈ സന്ദർഭത്തിൽ ഇതെല്ലാത്തിനും പരിഹാരം കാണുന്നതിന് വേണ്ടി അങ്ങ് പ്രത്യേക താത്പര്യം എടുത്ത് ഒരു യോഗം വിളിച്ചുകൂട്ടി പ്രശ്നം പരിഹരിക്കണമെന്നതാണ് എന്റെ ആവശ്യം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇടുക്കി ജില്ലയിലെ പ്രത്യേകിച്ച് മാങ്കുളം, കെ.ഡി.എച്ച്. എന്നീ വില്ലേജുകളിലും ഉടുമ്പൻചോല വില്ലേജിലെ ചിന്നക്കനാൽ വില്ലേജിലും സർക്കാർ ഭൂമി വ്യാപ കമായ രീതിയിൽ വ്യാജ രേഖകളുടെ അടിസ്ഥാനത്തിൽ കൈയടക്കിയെന്ന

പരാതിയുടെ അടിസ്ഥാനത്തിൽ റവന്യൂ, പോലീസ്, വനം എന്നീ വകുപ്പുകൾ സംയുക്തമായും അല്ലാതെയും വിവിധ അന്വേഷണങ്ങൾ നടത്തിവരുന്നതും ആയതിൻമേൽ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ കോടതികളിലും മൂന്നാർ ട്രൈബ്യൂണലിലും ഫയൽ ചെയ്യപ്പെട്ട കേസുകളിൽ ഉൾപ്പെട്ട വിവിധങ്ങളായ ഭൂമികളിൻമേൽ പട്ടയ നടപടികൾ പൂർത്തീകരിക്കുന്നതിനായി ചില സാങ്കേതികമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടുവരുന്നുണ്ട്. ഡബ്ല്യു. പി (സി) 3200/2005 എന്ന കേസ് 25.5.2012 –ൽ തീർപ്പാക്കപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത നിയമത്തിൻകീഴിൽ സെറ്റിൽമെന്റ് ഓഫീസറായി നിയമിക്കപ്പെട്ടിട്ടുള്ള ആർ.ഡി.ഒ.യുടെ നേതൃത്വത്തിൽ കൈവശക്കാരുടെ ഭൂമിയുടെ വിസ്തൃതി തിട്ടപ്പെടുത്തുന്ന നടപടികളും അപേക്ഷകളുടെ വിചാരണകളും നടന്നു വരികയാണ്. ഈ നടപടികൾ പൂർത്തീകരിക്കുന്നതോടുകൂടി മാങ്കുളം വില്ലേജിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ താവളം പ്രദേശത്ത് പട്ടയം വിതരണം നടത്തുന്നതിന് കൈവശ ഭൂമി സംബന്ധിച്ച രേഖകളുടെ കൃത്യത പരിശോധിച്ച ശേഷം മാത്രമേ ഇതിന് നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇടുക്കി ജില്ലയിലെ പട്ടയ പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് നിരവധി മേഖലയിൽ നിന്നുള്ള ആവശ്യങ്ങൾ ഉയർന്നു വന്നതിന്റെ അടിസ്ഥാനത്തിൽ അത് വളരെ വേഗത്തിലാക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. എസ്. രാജേന്ദ്രൻ ഇവിടെ ആവശ്യപ്പെട്ടതു പോലെ വളരെ അടിയന്തരമായി ഒരു യോഗം വിളിച്ച് ചേർത്തുകൊണ്ട് അതിനുള്ള നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം നൽകുന്നതാണ്.

## (6) താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. എ. കെ. ബാലൻ: സർ, വടക്കഞ്ചേരി ഗവൺമെന്റ് ആശുപത്രിയെ താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. തരൂർ മണ്ഡലത്തിലെ വടക്കഞ്ചേരി ഗവൺമെന്റ് ആശുപത്രി നിലവിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററെന്നാണ് അറിയപ്പെടുന്നതെങ്കിലും ഒരു പ്രൈമറി ഹെൽത്ത് സെന്ററിന്റെ സാഹചര്യം പോലുമില്ല. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനാവശ്യമായ സ്പെഷ്യാലിറ്റി ഡോക്ടർമാരോ മറ്റു ജീവനക്കാരോ ഇവിടെയില്ല. ഫിസിഷ്യൻ, ഗൈനക്കോളജിസ്റ്റ്, പീഡിയാട്രീഷ്യൻ, റേഡിയോളജിസ്റ്റ് തുടങ്ങിയ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെങ്കിലും അത്യാവശ്യം വേണ്ടതാണ്. നിലവിലിവിടെ സിവിൽ സർജൻ പോലുമില്ല. 3 അസിസ്റ്റന്റ് സർജന്മാരാണ് ആകെയുള്ള ഡോക്ടർമാർ. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഇന്നേവരെ നിയമിച്ചിട്ടില്ല. ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സ് മുതലായ ജീവനക്കാരെ നിയമിക്കണം. ആംബുലൻസുണ്ടെങ്കിലും ഡ്രൈവറില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇതിലൊന്ന് ഇടപെടണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പ്രാഥമികാരോഗ്യ കേന്ദ്രത്തെ 06.11.2008-ലാണ് സി.എച്ച്.സി. യാക്കി ഉയർത്തിയത്. 24 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ സി.എച്ച്.സി.യിലെ പ്രതിദിന ഒ.പി. ശരാശരി 200-നും 250-നും ഇടയ്ക്കാണ്. ഈ ആശുപത്രിയിൽ ഒരു സിവിൽ സർജനും 3 അസിസ്റ്റന്റ്

സിവിൽ സർജന്മാരുമുൾപ്പെടെ 4 ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നു. 5 നഴ്സുമാരും മറ്റു അനുബന്ധ ജീവനക്കാരും നിലവിലുണ്ട്. വടക്കഞ്ചേരി പി.എച്ച്.സി. പോലെ ധാരാളം പി.എച്ച്.സി.കളെ സി.എച്ച്.സി.കളാക്കി കഴിഞ്ഞ ഗവൺമെന്റ് ഉയർത്തിയെങ്കിലും അതിനനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയോ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കു കയോ ചെയ്തിരുന്നില്ല. ഇത്തരം പദവി ഉയർത്തിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും അധിക തസ്തികകൾ സൃഷ്ടി ക്കുവാനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. അതിന്റെ ഭാഗമായി വടക്കഞ്ചേരി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കുവാനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ ഒരു റവന്യൂ ബ്ലോക്കിൽ ഒരു ആശുപത്രി എല്ലാവിധ സൗകര്യങ്ങളോടുംകൂടി വികസിപ്പിക്കുന്ന പദ്ധതി യിൽ വടക്കഞ്ചേരി സാമൂഹ്യ ആരോഗ്യകേന്ദ്രത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ താലൂക്ക് ആശുപത്രിയുടെ നിലവാരത്തിൽ ഈ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന് പ്രവർത്തിക്കാൻ കഴിയും. വടക്കഞ്ചേരി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## (7) ഡോക്ടർമാർക്ക് ബത്ത

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, സംസ്ഥാനത്തെ ഡോക്ടർമാർക്ക് റൂറൽ അലവൻസും ഡിഫിക്കൽറ്റ് റൂറൽ അലവൻസും അനുവദിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. എന്നാൽ റൂറൽ അലവൻസും ഡിഫി

ക്കൽറ്റ് റൂറൽ അലവൻസും ഒന്നാണെന്നുള്ള നിലയിലാണ് ഇപ്പോൾ ഈ പ്രശ്നം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. തിരുവനന്തപുരത്തെ നെടുമങ്ങാട് പോലുള്ള പ്രദേശങ്ങളിൽ പോകുന്നവർക്ക് റൂറൽ അലവൻസാണ് കൊടുക്കുന്നത്. എന്നാൽ ഇടുക്കി ജില്ല ഡിഫിക്കൽറ്റ് റൂറൽ ഏരിയയിൽപ്പെടുന്നതാണ്. ഇപ്പോൾ ഡിഫിക്കൽറ്റ് റൂറൽ ഏരിയ യിൽപ്പെടുന്ന പാലക്കാട് ജില്ലയിലെ ആറ് ആരോഗ്യ സ്ഥാപനങ്ങൾക്കാണ് ഈ അലവൻസ് കൊടുക്കുന്നത്. അത് ഇടുക്കി ജില്ലയിൽക്കൂടി പ്രായോഗിക മാക്കണമെന്നുള്ളതാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇതിലെ പ്രശ്നം ഡിഫിക്കൽറ്റ് റൂറൽ ഏരിയയുടെ ഫയൽ തിരുവനന്ത പുരത്ത് വരുമ്പോൾ അതിനോട് വലിയ താല്പര്യമില്ലാത്തതുകൊണ്ട് പലപ്പോഴും ഫയലിൽ തീരുമാനമെടുക്കാതെ പിരിയുകയാണ് സ്ഥിതി. ഇടുക്കി ജില്ലയിലെ റിമോട്ട് ഏരിയയിൽ സാധാരണ ഡോക്ടർമാരേയും ജീവ നക്കാരേയും നിയമിച്ചാൽ അവിടെ പോകാത്തതിന്റെ കാരണം അവിടെ പോകാനും വരാനുമൊക്കെയുള്ള വലിയ വിഷമം കൊണ്ടാണ്. ഇത് പരിഹ രിക്കാനും ഡോക്ടർമാർക്കും ജീവനക്കാർക്കും സ്ഥിരമായി അവിടെ വരുന്ന തിനും ഒരു പ്രോത്സാഹനമാണ് ഈ അലവൻസ്. ഇടുക്കി ജില്ലയിലെ ഡിഫി ക്കൽറ്റ് റൂറൽ ഏരിയയിൽ വരുന്ന 22 ആരോഗ്യ സ്ഥാപനങ്ങളാണുള്ളത്. ഈ 22 സ്ഥാപനങ്ങളിലെ ജീവനക്കാർക്കുകൂടി ഈ അലവൻസ് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 26-02-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമീണമേഖലകളിലെ ആരോഗ്യകേന്ദ്രങ്ങളിൽ സേവനമനുഷ്ഠി

ക്കുന്ന ഡോക്ടർമാർക്ക് പ്രതിമാസം 3000 രൂപയും ഡിഫിക്കൽറ്റ് റൂറൽ ഏരിയകളിലെ ആരോഗ്യ കേന്ദ്രങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് പ്രതിമാസം 4500 രൂപയുമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ആരോഗ്യ വകുപ്പിൽ സർക്കാർ പ്രഖ്യാപിച്ച സ്ഥലങ്ങളിലെ ആശുപത്രികളിൽ – അഗളി, അട്ടപ്പാടി, ആനക്കട്ടി, ഷോളയൂർ, പുതൂർ എന്നീ സ്ഥലങ്ങളിൽ ജോലി നോക്കി വരുന്ന ഡോക്ടർമാർക്ക് മാത്രമാണ് പ്രസ്തുത അലവൻസ് ഇപ്പോൾ ലഭിക്കുന്നത്. 14.01.2010–ലെ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള ഡിഫിക്കൽറ്റ് റൂറൽ ഏരിയകൾ – അക്കാദമിക് മെഡിക്കൽ പി.ജി. അഡ്മിഷനു വേണ്ടി മാത്രമാണ്, അവിടെ ജോലി ചെയ്യുന്ന ആളുകൾക്ക് കൂടുതലായി സൗകര്യങ്ങൾ കൊടുക്കുന്നതിലേയ്ക്ക് വേണ്ടി. പാലക്കാട് ജില്ലയിലെ അട്ടപ്പാടി, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതമേഖല എന്നീവിടങ്ങളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് നൽകി വരുന്ന സ്പെഷ്യൽ അലവൻസ് ഇടുക്കി ജില്ലയിലെ ഡിഫിക്കൽറ്റ് റൂറൽ ഏരിയകളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്കുകൂടി നൽകുവാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുകയാണ്. അവിടെ പല സ്ഥലങ്ങളിലും ഡോക്ടർമാർ ജോലിക്കു പോകാത്ത ഒരു സാഹചര്യമുണ്ട്. അതുകൊണ്ട് കാസർഗോഡ് ജില്ലയിലും പാലക്കാട് ജില്ലയിലെ ചില പ്രദേശങ്ങളിലും 20000 രൂപ കൂടുതൽ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ദുർഘടമായ ഏരിയകളിൽ ജോലി ചെയ്യാൻ സമ്മതിച്ചുവരുന്ന ഡോക്ടർമാർക്ക് ഇവിടെ ചൂണ്ടിക്കാണിച്ച അലവൻസ് നടപ്പിലാക്കാൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

## (8) റേഷൻ വിതരണം

ശ്രീ. ഇ. കെ. വിജയൻ: സർ, നാദാപുരം മണ്ഡലത്തിലെ വാണിമേൽ, കാവിലുംപാറ, മരുതോങ്കര ഗ്രാമപഞ്ചായത്തുകളിലുള്ള പട്ടികവർഗ്ഗ കോളനികളിലെ ജനങ്ങൾ കൊടും പട്ടിണിയിലാണ്. ഇന്നലെ ഏഷ്യാനെറ്റ് സംപ്രേഷണം ചെയ്തത് - ചക്കയുള്ളതുകൊണ്ടാണ് ജീവൻ നിലനിറുത്തുന്നത് എന്നാണ്. കഴിഞ്ഞ ഒരാഴ്ചയായി വടകര താലൂക്കിലെ റേഷൻ വ്യാപാരികൾ കടകളടച്ച് സമരത്തിലാണ്. മാവേലി സ്റ്റോറുകളിൽ അരിയില്ലാത്ത ഒരു സാഹചര്യമാണുള്ളത്. ആദിവാസികൾക്ക് സൗജന്യമായി ലഭിക്കുന്നതാണ് അന്ത്യോദയ അരി. അത് ലഭിക്കാത്ത സാഹചര്യം, പ്രത്യേകിച്ച് മലമേടുകളിൽ താമസിക്കുന്നവർക്ക് ഈ ശക്തമായ മഴക്കാലത്ത് താഴേയ്ക്കിറങ്ങി വരാനും ഏറെ ബുദ്ധിമുട്ടാണ്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിയുമായും കളക്ടറുമായും മറ്റ് ഉദ്യോഗസ്ഥരുമായും ബന്ധപ്പെട്ടിട്ടുണ്ട്. എത്രയും പെട്ടെന്ന് ഇന്നുതന്നെ അവരുടെ വീടുകളിലേയ്ക്ക് അരി എത്തിക്കാനുള്ള സംവിധാനമുണ്ടാക്കണം. താലൂക്കുകളിൽ അടഞ്ഞുകിടക്കുന്ന റേഷൻ കടകൾ; പ്രത്യേകിച്ച് വ്യാപകമായ തോതിൽ പനിയുള്ള ഈ സാഹചര്യത്തിൽ ആ കടകൾ തുറക്കാനുള്ള സംവിധാനവുമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, വടകര താലൂക്കിൽ 29.05.2013-ന് 40 ക്വിന്റൽ ഗോതമ്പ് അനധികൃതമായി കടത്തിക്കൊണ്ടുപോകുന്നത് പോലീസ് പിടികൂടുകയും ഇതുമായി ബന്ധപ്പെട്ട് വടകര

താലൂക്കിലെ ഒരു റേഷൻ മൊത്തവ്യാപാര ഡിപ്പോയിലെ വ്യക്തിയെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു. അദ്ദേഹമിപ്പോഴും പോലീസ് കസ്റ്റഡിയിലാണ്. കോഴിക്കോട് ജില്ലാ സപ്ലൈ ഓഫീസർ ഈ മൊത്ത വ്യാപാര ഡിപ്പോയുടെ അംഗീകാരം സസ്പെന്റ് ചെയ്യുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണം വ്യാപിപ്പിക്കുകയാണെന്നും റേഷൻ കടകൾ പരിശോധിക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചതായും ആദ്യ ഘട്ടത്തിൽ 30-ഓളം പേരെ പരിശോധനയ്ക്ക് വിധേയമാക്കുമെന്നും ഒരു പ്രാദേശിക പത്രത്തിൽ വാർത്തവന്നു. ഇതേത്തുടർന്ന് റേഷൻ കടകൾ തുടർന്ന് നടത്തുവാൻ കഴിയില്ലെന്ന് സൂചിപ്പിച്ച് വടകര താലൂക്കിൽ 150-ഓളം റേഷൻ കട ലൈസൻസികൾ കൂട്ടരാജി സമർപ്പിക്കുകയും തുടർന്ന് 10.06.2013 മുതൽ ഇൻഡന്റ് ബഹിഷ്കരിച്ച് റേഷൻ കടകൾ അടച്ചിടുകയും ചെയ്തു. ഈ പ്രശ്നം പരിഹരിക്കുന്നതിന് 12.06.2013-ൽ ആദ്യം ജില്ലാ സപ്ലൈ ഓഫീസറുടെയും തുടർന്ന് ജില്ലാ കളക്ടറുടെയും നേതൃത്വത്തിൽ റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തിയെങ്കിലും പ്രശ്നം പരിഹരിച്ചിട്ടില്ല. ഇന്ന് വീണ്ടും ചർച്ച വച്ചിരിക്കുകയാണ്. വാണിമേൽ, കാവിലുംപാറ, മരുതോങ്കര ഗ്രാമപഞ്ചായത്തുകൾ വടകര താലൂക്കിൽ ഉൾപ്പെട്ടതാണ്. മറ്റു ജനവിഭാഗങ്ങൾക്കൊപ്പം ആദിവാസി വിഭാഗങ്ങളും ഈ പ്രദേശങ്ങളിലുണ്ട്. റേഷൻ വിതരണം പുനഃസ്ഥാപിക്കുവാനും റേഷൻ കടകൾ തുറന്നു പ്രവർത്തിപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ബദൽ ക്രമീകരണങ്ങൾ ഉടൻതന്നെ നടത്തും, ആ പ്രദേശത്ത് 25-ഓളം റേഷൻ കടകളാണ് ഉള്ളതെന്നാണ് മനസ്സിലാക്കുന്നത്. റേഷൻ കടകൾ വഴിയാണ് അന്ത്യോദയ അലോട്ട്മെന്റ് വിതരണം ചെയ്യുന്നത്. ഇന്നത്തെ ചർച്ച

യിൽ തീരുമാനമുണ്ടാകുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. ഇന്നത്തെ ചർച്ചയിൽ തീരുമാനമുണ്ടാകുന്നതിന്റെ അടിസ്ഥാനത്തിൽ റേഷൻ കടകൾ തുറക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിനോടൊപ്പം ബദൽ മാർഗ്ഗ മെന്ന നിലയിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആദിവാസി മേഖലയി ലേയ്ക്ക് അടിയന്തരമായി എത്തിക്കുവാനുള്ള സാഹചര്യങ്ങൾ ഒരുക്കിയി ട്ടുണ്ട്. നോട്ടീസ് നൽകാതെ പെട്ടെന്നുള്ള കടയടപ്പ് സമരമാണ് നടന്നത്. ഇത്തരത്തിലുള്ള സാഹചര്യങ്ങളെ നേരിടുവാൻ, അത്തരത്തിൽ അടച്ചിടുന്ന കടകൾ ഏറ്റെടുക്കുവാനുള്ള സാഹചര്യങ്ങൾ ഒരുക്കുവാനും, അതിന് അവ ശ്യമെങ്കിൽ നിയമനിർമ്മാണം നടത്തുവാനും ഗവൺമെന്റ് ആലോചിക്കു ന്നുണ്ട്. പോലീസ് പരിശോധനയുണ്ടാകരുത്, സ്ക്വാഡുകൾ പരിശോ ധനയ്ക്ക് വരരുതെന്ന അന്യായമായ ആവശ്യമാണ് അവർ ഉന്നയിച്ചിരിക്കു ന്നത്. അത് അംഗീകരിക്കാൻ ഗവൺമെന്റിന് സാധിക്കുകയില്ല. പരിശോധന തുടരും.

(മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകൾ)